**GHSS IRUMBUZHI**

**PRE MODEL EXAMINATION-2020-2021**

**മലയാളം**

**സ്കോർ:25**

**ക്ലാസ്സ്-X** **കേരള പാഠാവലി** **സമയം:40 മിനുട്ട്**

**നിർദേശങ്ങൾ**

***5 മിനുട്ട് സമാശ്വാസ സമയമാണ്.ചോദ്യങ്ങൾ വായിക്കുവാനും,ഉത്തരങ്ങൾ ക്രമപ്പെടുത്താനും ഈ സമയം വിനിയോഗിക്കുക**

***ചോദ്യങ്ങളും നിർദേശങ്ങളും ശ്രദ്ധാപൂർവ്വം വായിച്ച് ഉത്തരമെഴുതുക**

***ഉത്തരമെഴുതുമ്പോൾ മാർക്ക്,സമയം എന്നിവ പരിഗണിക്കുക**

(ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക).

**1 മാർക്ക്**

1. അകത്തു കടക്കാൻ നോക്കുന്ന പൂച്ചയുടെ കളവുള്ളതും സ്വസ്ഥതയില്ലാത്തതുമായ സൗമ്യ ഭാവത്തോടു കൂടി, അനങ്ങാതെ, വിരൽത്തുമ്പു കൊണ്ടു പതുക്കെ അയാൾ വാതിലുന്തി.

* ഇവിടെ **അയാൾ** എന്ന് ആരെയാണ് സൂചിപ്പിക്കുന്നത്?

2. **സ്വപ്നസമാനം** എന്ന പദത്തെ '**സ്വപ്നത്തിനു സമാനം** ' എന്നു വിഗ്രഹിച്ചെഴുതാം. അതുപോലെ '**കാലാഹി**' എന്ന പദത്തെ വിഗ്രഹിച്ചെഴുതുക?

3.' വെള്ളായിയപ്പൻ ഒടുവിൽ **ഒരു പെട്ടിയിൽ കയറിക്കൂടി**' ഇവിടെ സൂചിപ്പിക്കുന്നത് എന്താണ്?

(ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക)

**2 മാർക്ക്**

4. 'കവികൾക്ക് ലോകമെമ്പാടും
ഒരു ഭാഷയേയുള്ളു;
കവികളുടെ ഭാഷ ( സച്ചിദാനന്ദൻ )

*** കവികളുടെ ഭാഷ ഒന്നാണെന്നു** പറയുന്നതിന്റെ ഔചിത്യമെന്ത്?

5. 'ക്രോധം പരിത്യജിക്കേണം ബുധജനം'

* എന്നു പറയാൻ കാരണമെന്ത്? കവിതയിൽ തന്നിട്ടുള്ള 2 സൂചനകൾ എഴുതുക:?

6."എന്റെ ആശയക്ക് ഒരു താങ്ങലുകൂടിയായി "
(ഋതുയോഗം)

* ദുഷ്യന്തന്റെ ഈ വിചാരത്തിനു കാരണമായ സന്ദർഭം ഏതാണ്?

**(ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക.).** 4 മാർക്ക് വീതം

7. " **കുട്ടിയിലും മുതിർന്നവരിലുമുള്ള ശാരീരികവും മാനസികവും ആധ്യാത്മികവുമായ ഉത്തമാംശങ്ങളുടെ ആവിഷ്കാരമാണ് വിദ്യാഭ്യാസം" _ ഗാന്ധിജി**

**'സംസാര കാരിണിയായത വിദ്യയും
സംസാര നാശിനിയായതു വിദ്യയും ' _എഴുത്തച്ഛൻ**

* വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളെക്കുറിച്ചുള്ള മഹാന്മാരുടെ ചിന്തകളാണ് മുകളിൽ നൽകിയിരിക്കുന്നത്. മുകളിൽ കൊടുത്ത ചിന്തകളെ വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?

8. **'പൊതിച്ചോറ്' 'ബലിച്ചോറായ'** കഥയാണ് '**കടൽത്തീരത്ത്.**' വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക?

9. ' മെത്രാൻ കുനിഞ്ഞു നിന്ന് കൊട്ട തടത്തിൽ വീണതു കൊണ്ട് കേടുവന്ന ഒരു പൂച്ചെടിയെ സൂക്ഷിച്ചു നോക്കി വ്യസനിക്കുകയായിരുന്നു'

"ആ വെള്ളിസ്സാമാനം നമ്മുടെതായിരുന്നുവോ? "

"ഞാൻ ആ വെള്ളിസ്സാമാനം വളരെക്കാലം സൂക്ഷിച്ചു പോന്നത് ഒരിക്കലും ശരിയായിട്ടല്ല. അത് പാവങ്ങളുടേതാണ്. ആ വന്ന മനുഷ്യൻ ആരായിരുന്നു? കാഴ്ചയിൽ തന്നെ ഒരു പാവം ".

* **പാവങ്ങൾ** എന്ന നോവലിലെ മെത്രാൻ പല സന്ദർഭങ്ങളിൽ പറയുന്ന സംഭാഷണ ശകലങ്ങളാണ് മുകളിൽ കൊടുത്തിട്ടുള്ളത്. സമൂഹ ഭൂരിപക്ഷത്തിൽ നിന്നും **മെത്രാൻ വ്യത്യസ്തനാകുന്നതെങ്ങനെ?** നോവലിലെ മറ്റു സന്ദർഭങ്ങൾ കൂടി ഉൾപ്പെടുത്തി **കഥാപാത്ര നിരൂപണം** തയ്യാറാക്കു.

10. 'ഈ പ്രസ്താവം കാനൽജലം പോലെ ഒടുവിൽ എനിക്ക് വിഷാദത്തിന് ഇടയാക്കാതിരുന്നാൽ കൊള്ളാമായിരുന്നു.'_ 'ഋതുയോഗം' എന്ന പാഠ ഭാഗത്ത് ദുഷ്യന്തന്റെ വിചാരമാണിത്. ഇവിടെ 'കാനൽജലം പോലെ ' എന്ന പ്രയോഗം സന്ദർഭത്തിനു എത്ര മാത്രം യോജിക്കുന്നു എന്നു പരിശോധിച്ച് കുറിപ്പ് തയ്യാറാക്കുക?

11. 'പാന്ഥർ പെരുവഴിയമ്പലം തന്നിലേ
താന്തരായ് കൂടി വിയോഗം വരുമ്പോലെ
നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു_
മെത്രയും ചഞ്ചലമാലയ സംഗമം'

* വരികളിലെ സാദൃശ്യ കൽപനകളുടെ സവിശേഷതകൾ കണ്ടെത്തു -

12. 'വള്ളി ഋതുയോഗത്തിന്റെ ചിഹ്നമായ പുഷ്പത്തെ ധരിക്കട്ടെ' (ഋതുയോഗം)

* ശകുന്തളയുടേയും ദുഷ്യന്തന്റെയും പുന:സമാഗമത്തെക്കുടിയാണ് ഋതുയോഗം എന്ന ശീർഷകം സൂചിപ്പിക്കുന്നത്. സമർത്ഥിക്കുക -

13. ധീരനായ യതി നോക്കി തന്വിതൻ
ഭൂരിബാഷ്പ പരിപാടലം മുഖം
പൂരിതാഭയൊടുഷസ്സിൽ മഞ്ഞുതൻ
ധാരയാർന്ന പനിനീർ സുമോപമം.
വരികളിലെ ചമൽക്കാരഭംഗി കണ്ടെത്തു.

**(ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക). 6 മാർക്ക്**

14. പാശ്ചാത്യ സംസ്കാരത്തിൽ നിന്നും ഭാരതീയ സംസ്കാരം വളരെ വ്യത്യസ്തമാണ്. 'വിശ്വരൂപം' എന്ന കഥയുടെ പശ്ചാത്തലത്തിൽ, തന്നിട്ടുള്ള പ്രസ്താവനയുടെ സമകാലിക പ്രസക്തി വ്യക്തമാക്കുന്ന ഒരു മുഖപ്രസംഗം തയ്യാറാക്കുക.

15. " ഇഷ്ടം പറയുന്ന ബന്ധുക്കളൊരുമേ

കഷ്ടകാലത്തിങ്കലില്ലെന്നു  നിർണയം"

"പുത്രമിത്രാർത്ഥകള ത്രാദിസംഗമ -

മൈത്രയുമൽപകാല സ്ഥിതമോർക്ക നീ"

"ഭോഗങ്ങളെല്ലാം ക്ഷണപ്രഭാ ചഞ്ചലം

വേഗേന നഷ്ടമാമായുസ്സമോർക്ക  നീ.

* ലക്ഷ്മണ സാന്ത്വനത്തിലെ മറ്റു വരികൾ കൂടി പരിശോധിച്ച്  "എഴുത്തച്ഛൻ കവിതകളിലെ തത്വചിന്ത " എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക?

16. മനുഷ്യജീവിതത്തിന്റെ അടിസ്ഥാന ഭാവങ്ങൾ ലോകത്തെല്ലായിടത്തും എല്ലാ കാലത്തും ഒരുപോലെയായതിനാൽ ജീവിതഗന്ധിയായ കാവ്യങ്ങൾ കാലാതീതമായി നില നിൽക്കുന്നു.  പാവങ്ങൾ എന്ന നോവലിൽ മാനവികതയും കാരുണ്യവും പരസ്പര പൂരകമാണ്.  നോവലിലെ കഥാപാത്രങ്ങളായ മെത്രാനും ഴാങ് വാൽഴാങും സമൂഹത്തിനു നൽകുന്ന സന്ദേശമുൾപ്പെടുത്തി പ്രഭാഷണം തയ്യാറാക്കുക?